# Little Kites

# IT CLUB

# 40030 BMGHS

# LK/40030/2018



Little
KITE
ഡിജിറ്റിൽ മാഗസിൻ


മഴത്തുള്ളികൾ
ഡിജിറ്റിൽ മാഗസിൻ;
LITTLE KITES
ബി എം ജി എച്ച് എസ് കുളത്തുപ്പുഴ

ചീഫ് എഡിറ്റേഴ്സ് :

ജസ്റ്റിൻ പി ഫിലിപ്പ്

സാറാമ്മ ജോൺ


എഡിറ്റോറിയൽ ബോർഡ് :
കാർത്തിക
ബ്രീനു വിജു
ഹരണി
ആർഷ
സേയ്ദ് അബ്ദുൾ ഖാദർ
സൂരജ് ഗന്ധ്
അരുൺ രാജ്

**ബി.എം.ജി.എച്ച്. എസ്** കുളത്തൂപ്പുഴയിലെ ലിറ്റിൽ കൈറ്റസ്-ലെ കുട്ടുകാർ "മഴത്തുള്ളികൾ" എന്ന പേരിൽ ഒരു ഡിജിറ്റിൽ മാഗസിൽ



പ്രസിദ്ധീകരിക്കുന്ന എന്നറിഞ്ഞത്തിൽ ഞാൻ സന്തോഷിക്കുന്നു. നിങ്ങളുടെ പ്രവർത്തനങ്ങൾക്ക് എൻെറ എല്ലാവിധ ആശംസകളും നേരുന്നു. ഡിജിറ്റിൽ സാക്കേതിക രംഗത്ത് ചെറുപട്ടങ്ങളെ പോലെ നിങ്ങൾ അതിരുകൾക്കപ്പുറത്തേക്ക് പറക്കട്ടെ.

**ഹെഡ്മാസ്റ്റർ,**
**ബ്ലസൻ ടി ജോൺ**

ബി എം ജി എച്ച് എസ് കുളത്തുപ്പുഴ

# FOUNDER



**ARCH BISHOP BENADICT MAR GRIGORIOSA**



# SCHOOL ASSEMBLY



# SITC

JUSTIN P. PHILIP



**ASITC**

SARAMMA JOHN



# LITTLE KITES UNIT




# GOLDEN JUBILEE





# STAFF TOUR





# YOGA




INDIA

# STUDY TOUR


Dr. A.P.J. Abdul kalam National Memorial
Peikarumbu Rameswaram

## ഉള്ളടക്കം


ആമുഖം....17
എഡിറ്റോറിയൽ....19
കാർത്തിക സുരേഷ്....19
വിണ്ടുകീറിയ പുഴ - കവിത....20
ജൈവകൃഷിയുടെ പ്രധാന്യം - ലേഖനം....23
എബോള - ലേഖനം....26
ബാലപീഡ എന്റെ ചിന്തകൾ - ലേഖനം....28
പുസ്തകങ്ങളുടെ മൂല്യം - ലേഖനം....31
കലാമെന്ന വിജയശില്പി - ലേഖനം....33
എച്ച്ഐവി - ലേഖനം....35
അപരിചിതൻ - കഥ....37
അണയുന്ന പൊൻദീപങ്ങൾ - കവിത....42
ടെലിവിഷൻ - ലേഖനം....44
കാക്കറാണി - കഥ....48
ജീവജലം - ലേഖനം....50
ചിതറിയ വഴികളിൽ - കവിത....52
ഓർമ്മയിലെ ഓണം - കവിത....54
വൈറസ് - ലേഖനം....55
പിന്നോട്ട് പോ - കഥ....57
കോഴിയും കുറുക്കനും - കഥ....60
ജലമെന്ന മാന്ത്രികൻ - ലേഖനം....65
തിരിച്ചറിവുകൾ - കഥ....67
നിനവിന്റെ രാഗം - കവിത....72
മാറാല - കവിത....74
മലയാളമേ മാപ്പ് - കവിത....75
അമ്മ - കവിത....77
ജീവജലം - ലേഖനം....79
ഇരുമ്പു തിന്നുന്ന എലി - കഥ....81
മാറാല - കവിത....84
ചിതറിയ വഴികളിൽ - കവിത....85
എന്റെ വിദ്യാലയം - കവിത....87

# ആമുഖം

കുളത്തൂപ്പുഴയുടേയും സമീപപ്രദേശങ്ങളുടേയും സമഗ്രപുരോഗതി ലക്ഷ്യംവച്ചുകൊണ്ട് 1962-ൽ ആരംഭിച്ച എ പി എൻ എം എൻ എച്ച് എസ് മലങ്കര കത്തോലിക്കാസഭ ഏറ്റെടുക്കുകയും, ഇന്ന് ബനഡിക്ട് മാർ ഗ്രിഗോറിയോസ് ഹൈസ്കൂൾ എന്ന പേരിൽ 55 വർഷം പൂർത്തിയാക്കി വിദ്യാഭ്യാസത്തിന് നവീനദർശനം നൽകിക്കൊണ്ട് മുന്നേറുന്നു.



മലക്കര കത്തോലിക്കാ സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അച്ചടക്കവും പഠനനിലവാരവും ഈ വിദ്യാലയത്തിൽ അതിൻെറ പരിപൂർണതയിൽ പ്രകമാണ്.കലാ-കായിക രംഗങ്ങളിലും പ്രവർത്തിപരിചയമേളകളിലും ഈ വിദ്യാലയം ഉന്നതനിലവാരം പുലർത്തുന്നു. 8 മുതൽ 10 വരെ ക്ലാസ്സുകളിലായി ആയിരത്തോളം വിദ്യാർത്ഥികൾ ഇംഗ്ലീഷ്-മലയാളം മീഡിയങ്ങളിൽ പഠിക്കുന്നു.

തിരുവനന്തപുരം മേജർ അതിഭദ്രാസത്തിൻെറ അധീനതയിൽ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ്കാതോലിക്കാബാവയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സ്കൂളിന് പി.ടി.എയുടെ നിർലോഭമായ സ 18 ഹായ സഹകരണം ലഭിക്കുന്നുണ്ട്.

കുട്ടികളുടെ സമഗ്രവ്യക്തിത്വ വികസനം

ലക്ഷ്യമാക്കുന്ന BMGHS നാടിന് ഒരു തിലകക്കുറിയായി നിലകൊള്ളുന്നു.

# എഡിറ്റോറിയൽ

മാറ്റം  അനിവാര്യം ....

ആരും ആരേയും കാത്തു നിൽക്കുന്നില്ല. ഇന്നലകൾ വിസ്മൃതിയിൽ ആണ്ട്പോകും നന്മകൾ മാത്രംബാക്കി നിൽക്കും. പുത്തൻ പ്രതീക്ഷകളുമായി നമുക്ക് മുന്നേറാം.വിവര വിനിമയ സാങ്കേതിക വിദ്യയുടെ അനന്തവിഹായസിലേക്ക് ചെറുപട്ടങ്ങളായി നമുക്ക് പറന്നുയരാം. ബി എം ജി യിലെ ലിറ്റിൽ കൈറ്റസ് അംഗങ്ങൾ അതിനായി പ്രാപ്തരാകട്ടെ എല്ലാ വിധ മംഗളങ്ങളും....ഭാവുകങ്ങളും ....ലോകം അതിവേഗം നമ്മുടെ കൈകുമ്പിലേക്ക് ഒതുങ്ങിക്കൊണ്ടിരിക്കുന്നു. മാറ്റത്തിൻെറ ഈ ഗതിവേഗവുമായി നമുക്കും പൊരുത്തപ്പെടാം.ഈ ആവശ്യം കാലഘട്ടത്തിൻെറത്.

**കാർത്തിക സുരേഷ്**

# വിണ്ടുകീറിയ പുഴ - കവിത

അനന്തു എസ്, 9.F




പുഴയെന്തെന്ന് ഞാനറിഞ്ഞിരുന്നില്ല.

അത് എന്റെ മനസ്സിന് എത്രമാത്രം

കുളിർമ നൽകിയെന്ന് ഞാനറിഞ്ഞിരുന്നില്ല.

പക്ഷേ,പിന്നീട് ഞാനറിഞ്ഞു.

തേങ്ങുന്ന അവളുടെ വേദന എന്തിനെക്കുറിച്ചാണെന്ന്

ഞാൻ മനസ്സിലാക്കുന്നു.

കിളികളുടെ കളകളരാഗങ്ങൾ ഞാൻ അറിഞ്ഞിരുന്നില്ല
പക്ഷേ അവൾ മാഞ്ഞപ്പോൾ എൻ ജീവിതം
എങ്ങനെഇടിഞ്ഞെന്ന് ഞാനറിഞ്ഞു
സൂര്യനാൽ തിളങ്ങുന്ന പുഴ
ദൃശ്യഭംഗിയാൽ സുന്ദരിയാകുന്ന അവൾക്ക്
എന്തു സംഭവിച്ചു! ആരു നശിപ്പിച്ചു?

കിളികൾ പാടുന്ന ഗാനത്തിൽ
അരുവികൾ മൂളുന്ന രാഗത്തിൽ
മാമലകളാൽ പൂക്കൾ വിടരുന്ന
ആ പുഴകൾ പിന്നീട് എവിടെ മറഞ്ഞു?

വിണ്ടുകീറിയ നിൻ ദൃശ്യംകാണുമ്പോൾ
എന്റെ മനസ്സു വേദനിക്കുന്നു
മാഞ്ഞുപോയ നിന്റെ തേജസ്സുക്കാണുമ്പോൾ
എന്റെ നെഞ്ച് നിനക്കായ് ഉരുകുന്നു.

ആരാണു നിന്നോടീ കൊടും ക്രൂരതകാട്ടിയതെന്ന്

നീ പറയുന്നില്ല
പക്ഷേ അതാരാണെന്ന് എനിക്കറിയാം
എന്റെ മനസ്സിനറിയാം.

ഞാൻ അറിയുന്നു നിനക്കെന്തിനീ ജീവിതമെന്ന്
എന്തിനീ സൗന്ദര്യമെന്നഹങ്കരിച്ചതെല്ലാം വെറുതേ!
അതുകിനാവുപോലെ മിന്നിമറയുന്നു.

നിരാശപ്പെടുത്തികയില്ല ഉണ്ണീ ഞാൻ നിന്നെ
എന്റെ മനസ്സിലെ നൊമ്പരമാണ് പറയുന്നത്
അത് എന്നെന്നേയ്ക്കും ഒരില പൊഴിയുംപ്പോലെയാവുക
എന്നതിലാണ് നിന്റെ ആശ്വാസം

പുഴയേ... അതിനുവേണ്ടി നീ
എന്നെന്നും ദൈവത്തിനോട് കൈക്കുപ്പുക.

# ജൈവകൃഷിയുടെ പ്രധാന്യം - ലേഖനം

**യെദു കൃഷ്ണൻ,9.A**




കൃഷി ഇതായിരുന്നു ഒരു കാലത്ത് കേരളം എന്ന് പേരുകേട്ടാൽ മനസ്സിലേക്ക് നിറദീപം പോലെ ഉദിച്ചുവരുന്നത്. കൃഷി-അത് അന്നദാതാവായിരുന്നു.ഐശ്വരത്തിന്റേയും സമ്പത്സസമൃദ്ധിയുടേയും പ്രതീകമായിരുന്നു. കതിരുട്ടുനിൽക്കുന്ന വയലുകളും തെങ്ങിൻത്തോപ്പുകളും നയനമനോഹരമായ ഒരു

കാഴ്ചയാണ്.അതെപ്പോഴും മനം കുളിർപ്പിക്കുകയും നാളെയുടെ പ്രതീക്ഷയാകുകയും ചെയ്തിരുന്നു. പക്ഷേ മാനവർക്ക് കൂടുതൽ പണത്തിനോടുള്ള അഭിനിവേഷം മൂലം അവർ തങ്ങളുടെ വയലുകൾ മണ്ണിട്ടുനികത്തുകയും അംബരചുബിംകളായ കെട്ടിടങ്ങൾ പണിതുയർത്തുകയും ചെയ്തു. അതുമാത്രമല്ല ചില ലാഭക്കൊതിയന്മാരായ കർഷകർ ചെയ്തത് അവർ കീടങ്ങളെ നശിപ്പിക്കാൻ വേണ്ടിയും,വിളകൾ കൂടുതൽ ലഭിക്കാൻ വേണ്ടിയും അതിമാരകമായ വിഷപ്രയോഗങ്ങളായ എൻഡോസൽഫാൻ, ഫ്യൂരിഡാൻ തുടങ്ങി നമ്മുക്ക് പരിചയമില്ലാത്ത കീടനാശിനികളും,വളങ്ങളും പ്രയോഗിച്ചു. അതിന്റെ ഗുണംമാത്രമേ അവന്റെ മുന്നിലുണ്ടായിരുന്നുള്ളൂ.വൈകിയെങ്കിലും അതിന്റെ ദോഷഫലങ്ങൾ സാധാരണക്കാരായ

ജനങ്ങളടക്കം എല്ലാവരും അനുഭവിച്ചുതുടങ്ങി. മാറാരോഗങ്ങളുടെ നീരാളിക്കരങ്ങളിലകപ്പെട്ട് പിഞ്ചുകുഞ്ഞുങ്ങൾ അടക്കം ആബാലവൃദ്ധം ജനങ്ങളും ഇന്ന് ഇൻഡ്യയുടെ നാനഭാഗങ്ങളിൽ മരിക്കുകയാണ്. അപ്പോഴാണ് ജൈവകൃഷിയുടെ പ്രാധാന്യം നാം മനസ്സിലാക്കിതുടങ്ങിയത്. പഴയതലമുറ ഇതെല്ലാം മുൻകൂട്ടിക്കണ്ട് എഴുതിയ താളിയോലകളിലെ ജൈവകൃഷിയെക്കുറിച്ചും കീടങ്ങളെക്കുറിച്ചുമുള്ള പതിപ്പുകൾ ശേഖരിച്ച് അവ പ്രാവർത്തികമാക്കാൻ തുടങ്ങിയത്. എന്നാലും ആരോഗ്യദ്ദഢരെങ്കിലും അലസത കൂടപ്പിറപ്പായ നമ്മളിൽ ഭൂരിഭാഗം പേരും ഇന്നും ഇതിന് തയ്യാറാകുന്നില്ല എന്നതാണ് സത്യം.

ജൈവമൂലകങ്ങളും ജൈവകീടനാശിനികളും ഉപയോഗിച്ച് ഭൂമാതാവിന് യാതൊരാപത്തും ദ്രോഹവും ഉണ്ടാക്കാതെ ചെയ്യുന്ന ഒരുതരം കൃഷിരീതിയാണ് ജൈവകൃഷി. ഇതിൽ

അസംസ്കൃതമായ യാതൊരു പദാർത്ഥങ്ങളും കലരുന്നില്ല. അതുക്കൊണ്ടുതന്നെ വളരെ ഗുണമേന്മയുള്ളതും പരിശുദ്ധവുമാണ് ജൈവകൃഷിയിലൂടെ ലഭ്യമാകുന്ന വിളകൾ. ഇതാണ് അഥവാ ഈ കാരണമാണ് ജനമനസ്സുകളിലേക്ക് ആഴിന്നിറങ്ങാനും ഇവ പ്രാവർത്തികമാക്കാനും ജൈവകൃഷിക്ക് പ്രോത്സാഹനമേകാനും സാധിക്കുന്ന മുലകാരണം.

## എബോള - ലേഖനം

**പ്രവീൺ,9 D**

ലോകത്തിനു തന്നെ ഭീഷണിയായ വൈറസാണ് എബോള വൈറസ്.അതിമാരകമായ ഹീമോർഹാജിക്ക് ഫീവറിന് (ശരീരത്തിലെ രക്തക്കുഴലുകൾ പൊട്ടുന്നതിന് കാരണമായ അവസ്ഥ)

എബോള വൈറസുകൾ കാരണമാകുന്നു.ഈ വൈറസ് ബാധിച്ചവരിൽ മരണസാധ്യത കൂടുന്നതിനുള്ള പ്രധാന കാരണവും ഈ അവസ്ഥ തന്നെ.

1976-ൽ ആഫ്രിക്കയിലാണ് ആദ്യമായി എബോള ബാ 1976-ൽ ആഫ്രിക്കയിലാണ് ആദ്യമായി എബോള ബാധയുണ്ടായത്.പിന്നീട് 1995-ൽ മധ്യ ആഫ്രിക്കയിലും 2014-2016 ൽ പടിഞ്ഞാറൻ ആഫ്രിക്കയിലും ഈ മാരക വൈറസ് പടർന്നു പിടിച്ചു.ഇവയിൽ ഏറ്റവും ഒടുവിലുണ്ടായ എബോള ആക്രമണത്തിൽ 11,000-ലേറെപ്പേരാണ് മരണത്തിനു കീഴടിങ്ങിയത്.

പഴംതീനി വവ്വാലുകളാണ് എബോള വൈറസിന്റെ വാഹകർ എന്നു കരുതപ്പെടുന്നു.രോഗം ബാധിച്ച മൃഗങ്ങളുമായോ മനുഷ്യരുമായോ ഉള്ള സമ്പർക്കം മൂലമാണ് ഈ വൈറസ് പടരുക.പനി,ശരീരവേദന എന്നിവയാണ് രോഗത്തിന്റെ ആദ്യലക്ഷണങ്ങൾ. പിന്നീട് ആന്തരിക അവയവങ്ങളും

തകരാറിലാകും.എപ്പോളക്കെതിരെയുള്ള

വാക്സിനങ്ങൾ പരീക്ഷണഘട്ടങ്ങളിലാണ്.



# ബാലപീഡ എന്റെ ചിന്തകൾ - ലേഖനം

-ഹിബ സലീം, 9 A

ബാലപീഠയെക്കുറിച്ച് ചിന്തിക്കുമ്പോൾ എന്റെ മനസ്സിൽ ആദ്യം എത്തുന്നതു മലാലയുസഫ്സായി എന്ന ബാലികയാണ്.പഠിക്കുവാനും എഴുതുവാനും ഉള്ള തന്റെ അവകാശത്തെ നിഷേധിച്ചപ്പോൾ അതിനെ ചോദ്യം ചെയ്തതിന് ഒരു രാജ്യത്തിന്റെയും അവിടുത്തെ തീവ്രവാദികളുടേയും പീഠയ്ക്കും വെടിയുണ്ടക്കും ഇരയാകേണ്ടിവന്ന ഒരു കുഞ്ഞു ബാലികയാണ് മലാല. നമ്മുടെ രാജ്യത്തും സംസ്ഥാനത്തും ഈ പ്രവണത ഒട്ടും പിന്നിലല്ല. കുട്ടികൾക്ക് എതിരായ അതിക്രമങ്ങളുടെ ദേശീയ ശരാശരിയേക്കാൾ ഇരട്ടിയാണ് കേരളത്തിന്റെ ശരാശരി.ദേശീയശരാശരി 2.7 ആണെങ്കിൽ

കേരളത്തിലേത് 4.3 ആണ്.

ഭൂമിയിൽ എറ്റവുമധികം സ്നേഹവും കരുതലും സംരക്ഷണവും നൽകുമെന്ന് കരുതപ്പെടുന്നവർ തന്നെ കുട്ടികളെ മൃഗീയപീഡനം ഏല്പിക്കുമ്പോൾ നാം കൊട്ടിഘോഷിക്കുന്ന സംസ്കാരത്തിന് എത്ര പ്രസക്തിയാണുള്ളത്? അവഗണന , ഉത്തരവദിത്വം ഇല്ലായ്മ മാത്രമല്ല കുട്ടികളുടെ താളം തെറ്റിക്കുന്നത് കുട്ടികളിന്മേലുള്ള മാതാപിതാക്കളുടെ ഇടപെടൽ  ഇവരുടെമേൽ അമിതഭാരം അടിച്ചേൽപ്പിക്കുന്നു.കുട്ടികളെ പീഠിപ്പിക്കുന്നവർക്കെതിരെ മാതൃകാപരമായ നടപടി ഉണ്ടായേ തീരൂ.ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിപ്പാൻ സർക്കാരിന്റെ

ഭാഗത്തുനിന്നുള്ള ശ്രദ്ധയോടൊപ്പം സ്വന്തം വീട്ടിൽ പീഠനമേറ്റുകഴിയുന്ന കുഞ്ഞുങ്ങൾക്കുവേണ്ടി സാമൂഹിക ജാഗ്രതക്കൂടി ആവശ്യമാണ്.എന്റെ ഈ ചിന്തകൾ അവസാനിക്കുന്നില്ല.

# പുസ്തകങ്ങളുടെ മൂല്യം - ലേഖനം

**സിജി,9 F**

ഗ്രന്ഥങ്ങൾ മനുഷ്യരുടെ ചങ്ങാതിമാരാണ്.സുഖത്തിലും ദുഃഖത്തിലും അവ മനുഷ്യരെ സഹായിക്കുന്നു.അറിവ് വർദ്ധിപ്പിക്കുന്നതിനും ആനന്ദം നേടുന്നതിനും അവ സഹായകമാണ്.അവ ഗുരുഭൃതന്മാരെപ്പോലെ നമ്മുക്കു വിജ്ഞാനം പകർന്നു തരുന്നു.ഗ്രന്ഥകർത്താക്കൾ തങ്ങളുടെ അറിവും അനുഭവവും ഗ്രന്ഥങ്ങളിലൂടെ പ്രകടമാക്കുന്നു.അവരുടെ ഉപദേശങ്ങളും അഭിപ്രായങ്ങളും ഗ്രന്ഥങ്ങൾ ഉൾക്കൊള്ളുന്നു.ഗ്രന്ഥപാരായണത്തിലൂടെ ജീവിതത്തിനാവശ്യമായ പലകാര്യങ്ങളും നമ്മുക്ക് മനസ്സിലാക്കുവാൻ കഴിയും.ഒരു നല്ല ഗ്രന്ഥശേഖരം ഒരു മുതൽക്കൂട്ടുതന്നെയാണ്.പുസ്തകങ്ങളുടെ സാഹിത്യമൂലം നിർണ്ണയിക്കുക പ്രയാസമാണ്.ശരീരത്തിന് ആഹാരമെന്നപ്പോലെ മനസ്സിന് അറിവും ആനന്ദവും അത്യന്താപേക്ഷിതമാണല്ലോ.മാനസികമായ വികാസത്തെ സഹായിക്കുന്നതിൽ ഗ്രന്ഥങ്ങൾ വിലയേറിയ സേവനമാണ്

ചെയ്യുന്നത്.നല്ല ഗ്രന്ഥങ്ങൾ തിരഞ്ഞെടുത്തു വായിക്കുകയും അതിലൂടെ മാനസിക വളർച്ച പ്രാപിക്കുവാൻ ശ്രമിക്കുകയും ചെയ്യേണ്ടത് മനുഷ്യന് അത്യാവശ്യമായ കാര്യമാണ്. ഭാഷാപരമായ ആശയ പ്രകടനത്തിനും ഗ്രന്ഥങ്ങൾ സഹായകമാണ്.ഉത്തമ ഗ്രന്ഥങ്ങൾ നല്ല മാർഗ്ഗദർശികളാണ്.നേരായ ജീവിതം നയിക്കുന്നതിനും തെറ്റുകളിൽ നിന്ന് പിന്തിരിയുന്നതിനും ഉയർന്ന മാനദണ്ഡം പുലർത്തുന്നതിനും അവ മനുഷ്യനെ സഹായിക്കുന്നു.ചില ഗ്രന്ഥങ്ങൾ സദാചാരബോധം വളർത്തുന്നതിലും ഈശ്വരചിന്ത ഉളവാക്കുന്നതിലും സഹായകമാകാറുണ്ട്.ചുരുക്കത്തിൽ ഗ്രന്ഥങ്ങൾ മനുഷ്യജീവിതത്തിന് അമൂല്യസമ്പത്തു തന്നെയാണെന്നു കാണാം.

# കലാമെന്ന വിജയശില്പി - ലേഖനം

-കാർത്തിക, 9 A



നമ്മെസ്വപ്നം കാണാൻ പഠിപ്പിച്ച കലാമിന്റെ ജീവിതത്തിലൂടെ ഒരുയാത്ര.
തമിഴ്നാട് രാമേശ്വരത്ത് 1931 ഒക്ടോബർ 15 ന് ജൈനലബ്ദീന്റെയും ആയിഷയുടേയും മകനായി അവുല്ഡ പക്കീർ ജൈനലാബ്ദീൻ അബ്ദുൽകലാം എന്ന എ.പി.ജെ അബ്ദുൽകലാം ജനിച്ചു.പൈലറ്റാവാൻ കൊതിച്ച് സാഹിത്യത്തെ ഏറെ പ്രണയിച്ച് ഇൻഡ്യൻ ബഹിരാകാശസ്വപ്നങ്ങൾക്ക് നിറം പകർന്നു.രാജ്യസുരക്ഷയുടെ മിസൈൽ സ്വപ്നങ്ങൾ സാക്ഷാൽക്കരിച്ച് ഇഡ്യയുടെ പ്രഥമ പൗരനായി

ലളിതജീവിതം നയിച്ച് വിദ്യാർത്ഥികളോട് സംവദിച്ച് മതിയാകാത്ത കലാം കാലത്തിന്റെ അരങ്ങിൽ നിന്നും വിട വാങ്ങിയിരിക്കുന്നു. എ.പി.ജെ അബ്ദുൽ കലാം എന്ന പേര് യുവത്വത്തിന്റെ പ്രചോദനമാണ്. അതിരുകളില്ലാതെ സ്വപ്നം കാണാൻ പഠിപ്പിച്ച ആ ഏകാന്തപഥികന്റെ ജീവിതവഴികളെ നാം പിന്തുടരേണം.2015 ജൂലൈ 27 ന് അദ്ദേഹം മരണത്തിന് കീഴടങ്ങി.എങ്കിലും ഈ ലോകത്ത് എല്ലാ ജനങ്ങളുടേയും മരിക്കാത്ത ഓർമ്മയായി. ചിരഞ്ജീവിയായി അദ്ദേഹം നിലനിൽക്കും.

# എച്ച്ഐവി - ലേഖനം

**ബിബിൻ ,9.B**

ലോകത്തിന്റെ പലഭാഗങ്ങളിലായി ഏതാണ്ട് മൂന്നരക്കോടി ആളുകളെ മരണത്തിലേക്ക് നയിച്ച മാരകമായ രോഗാവസ്ഥയാണ് എയ്ഡ്സ്.എച്ച്ഐവി വൈറസാണ് ഇത് പരത്തുന്നത്.

ഹ്യൂമൻ ഇമ്മ്യൂണോഡെഫിഷൻസി വൈറസ് എന്ന എച്ച്ഐവി വൈറസ് ആഫ്രിക്കയിൽ 19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെയാണ് രൂപംകൊണ്ടതെന്ന് കരുതുന്നു.1980-കളിലാണ് ഈ വൈറസിനെ ആദ്യമായി മനുഷ്യരിൽ കണ്ടെത്തിയത്.ശരീരത്തിൽ പ്രവേശിക്കുന്ന വൈറസ് പ്രതിരോധ ശേഷിയെ പതിയെ നശിപ്പിച്ച് മറ്റു രോഗങ്ങളിലേക്ക് നയിക്കുന്നു.ഈ അവസ്ഥയെയാണ് എയ്ഡ്സ് എന്ന് വിളിക്കുന്നത്.

ശരീരസ്രവങ്ങളിലൂടെ പകരുന്ന HIV വൈറസിനെതിരെ

ഇതുവരെ കൃത്യമായ വാക്സിൻ വികസിപ്പിച്ചിട്ടില്ല.രോഗിയുടെ ജീവിതകാലം ദീർഘിപ്പിക്കാൻ കഴിയുന്ന ചില മരുന്നുകൾ കണ്ടെത്തിയിട്ടുണ്ടെന്ന് മാത്രം.അമ്മയിൽ നിന്ന് കുഞ്ഞിലേക്കും ഈ രോഗം പകരാറുണ്ട്.

# അപരിചിതൻ - കഥ

**മുഹമ്മദ് അഫ്സൽ.9 C**

നിലാവിൽ കുളിച്ച നിൽക്കുന്ന രാത്രി,ദൂരെ ആകാശത്തുനിന്നും പുഞ്ചിരി ളുകുന്ന അമ്പിളി അമ്മാവൻ .അങ്ങിങ്ങു ചിതറിക്കിടക്കുന്ന രത്നങ്ങളാകുന്ന നക്ഷത്രങ്ങൾ നിശീഥിനിയുടെ ആഴത്തിൽ ചികഞ്ഞുക്കൊണ്ട് രമ്യ മട്ടുപ്പാവിലൂടെ



ഉലാത്തുകയായിരുന്നു.മധുരവും കയ്പ്പും നിറഞ്ഞ

ഒട്ടേറെ നിർവൃതികൾ,പോയകാലത്തിന്റെ താളുകളിൽ നിന്നും അടർത്തിയെടുത്ത ചില ശകലങ്ങൾ ഓർമ്മയിൽ തികിട്ടിയെത്തുന്നു. പെട്ടെന്നൊരു മുഖം അവളെ പിടിച്ചുലച്ചു. അവൾ ചിന്താമഗ്നയായി "ആരായിരുന്നു അയാൾ?”

യൗവനത്തിന്റെ വികൃതികൾ അവളിൽ നിറഞ്ഞുനിന്നരുന്ന കാലം സെന്റ് മേരീസ് കോളേജിൽ ഡിഗ്രിക്കു ചേർന്നിരിക്കുകയാണ് രമ്യ.ചുരൾ മുടിയും വാലിട്ടുയെഴുതിയ കണ്ണുകളും വട്ട പൊട്ടും അവളെ അതി മനോഹരിയാക്കിയിരുന്നു. പാവാടയും ബ്ലൗസും അണിയാൻ ഇഷ്ടപ്പെട്ടിരുന്ന ശാലീനിയായ പെൺക്കുട്ടി.'ഗ്രാമത്തിന്റെ സമൃദ്ധിയിൽ നിന്നും നഗരത്തിന്റെ തിരക്കുകളിൽ എത്തപ്പെട്ടപ്പോൾ,വർണ്ണശബളമായ പുതുലോകത്തിനു മുന്നിൽ പകച്ചുപോയ ഒരു പാവം പെൺക്കുട്ടി.അതുമാത്രമായിരുന്നില്ലേ

താൻ....?'രമ്യ തന്നോടുതന്നെ ചോദിച്ചു.
കോളേജിലെത്തിയ ആദ്യദിനം.ഒരുപാട് പ്രതീക്ഷകളും ആഗ്രഹങ്ങളും പേറി ഒരു നെഞ്ചിടിപ്പൊടെയാണ് ആ മഹാസൗധത്തിന്റെ ചവിട്ടുപടികൾ അവൾ കയറിയത്.'എന്നെ ഒരു ടീച്ചറാക്കണോന്നാ അമ്മയുടെ ആഗ്രഹം' അവൾ പറയും അച്ഛന്റെ മരണശേഷം അമ്മയാണ് അവളേയും അനുജൻ രഞ്ജിത്തിനേയും വളർത്തിയത്.വീട്ടുജോലികൾ ചെയ്തും കൂലിപ്പണിയെടുത്തും കിട്ടുന്ന കാശ്കൊണ്ട് അമ്മ അവരെ പഠിപ്പിച്ചു.'അമ്മയ്ക്ക് ടീച്ചറാകണമെന്ന് വലിയ മോഹമായിരുന്നു. പക്ഷേ, സാമ്പത്തികമായ ബുദ്ധിമുട്ടുകൾ കാരണം അതിനു കഴിഞ്ഞില്ല. അതുക്കൊണ്ട് എന്നെ ഒരു ടീച്ചറാക്കണമെന്ന് വലിയ നിർബന്ധം.'
ചോദിക്കുന്നവരോടൊക്കെ അവൾ പറയും.അമ്മയ്ക്ക്

ടി.ബി ആണെന്ന് ഡോക്ടർ പറഞ്ഞത് അമ്മാവൻ തന്നിൽനിന്നും അമ്മ മരിക്കുന്നതുവരെ

മറച്ചുവെച്ചു.അമ്മ ആഗ്രഹിച്ചതുപ്പോലെ ആർക്കും ഒരു ബാധ്യതയാകാതെ അനുജൻ ഒരു തണലായി ജീവിക്കണംഅതായായിരുന്നു അവളുടെ

ലക്ഷ്യം.ആ പടികൾ കടന്ന് അവൾ ചെന്നതാകട്ടെ ആ അക്ഷരമുറ്റത്തെ അസുരന്മാരായ ഒരുക്കൂട്ടം

മുതിർന്ന വിദ്യാർത്ഥികൾക്കിടയിൽ 'റാഗിങ്'

എന്ന പേരിൽ അവർ അവളെ മുറിവേൽപ്പിച്ചു. രമ്യ

തളർന്നില്ല. പ്രിൻസിപ്പാളിനോട് പരാതി പറയാൻ

തന്നെ അവൾ തീരുമാനിച്ചു.പോലീസ് കോസായാൽ അത് കോളേജിന്റെ അഭിമാനത്തെ ബാധിക്കുമെന്നു കണ്ട് അന്നവർ അതത്ര

കാര്യമാക്കിയില്ല.ഒരു സസ്പെൻഷനിൽ എല്ലാം

ഒതുക്കി.

അഞ്ചാം നാൾ അവൾ കോളേജ് ഹോസ്റ്റലിലെ

ജനൽകമ്പിയിൽ ചാരിനിന്ന് നിലാവിനോട് കുശലം പറയുകയായിരുന്നു.പെട്ടെന്ന് ഒരു ഫോൺ വന്നു. അതവൾക്കായിരുന്നു.ഫോണിൽ അമ്മാവന്റെ ഇടറുന്ന ശബ്ദം,രഞ്ജിത്തിനു തീരെ സുഖമില്ല.ഉടനെ ആശുപത്രിയിലെത്തിച്ചു.ഇപ്പോൾ ഐ.സി.യുവിലാണ്.രമ്യ തകർന്നുപോയി .അവൾ ഉടനെ ഒരു ഓട്ടോറിക്ഷയിൽ ബസ്സ് സ്റ്റാന്റിലേക്ക് പുറപ്പെട്ടു.

# അണയുന്ന പൊൻദീപങ്ങൾ - കവിത

**അൽതാഫ്,9.C**



കനിവാർന്ന
നിറവാർന്നൊരെൻ
ജന്മം
പുണ്യ ഭ്രുവിൽ
പിറന്നൊരെൻ ജന്മം
നന്ദിപൂർവ്വം
സ്മരിക്കട്ടെ ഞാനിന്ന്
എൻ ഹൃദയത്തിൽ തുളുമ്പട്ടെ ആ നന്ദി
കനിവാർന്ന നിറവാർന്നൊരെൻ ജന്മം
പുണ്യഭ്രുവിൽ പിറന്നൊരീ ജന്മം

ജനനവും മരണവും ഉൾക്കൊള്ളുമീ ജന്മം
വന്നീടുകയില്ലയോ ഒന്നുകൂടി
പിൻവിളികൾ കേൾക്കുമോ ഒന്നുകൂടി

മിഴികളിൽ നനവാർന്നു നിൽക്കുന്നു ഞാൻ
എന്റെ ഹൃദയം തുടിക്കുന്നു ഖേദപൂർവ്വം
തത്തിക്കളിച്ചൊരാ എൻ മുറ്റം
ഞാൻ പാറിപ്പറന്നോരാപ്പൂക്കാലം
വസന്തവും ഹേമന്തവും മാഞ്ഞപ്പോൾ
മായുന്നിതാ എൻ ജീവനിൽനിന്നും
അകലെ...അങ്ങകലെ....

കനിവാർന്നനിറവാർന്നൊരെൻ ജന്മം
പുണ്യ ഭൂവിൽ പിറന്നൊരെൻ ജന്മം
നന്ദിപൂർവ്വം സ്മരിക്കട്ടെ ഞാനിന്ന്
എന്റെ ഹൃദയത്തിൽ തുളുമ്പട്ടെ ആ നന്ദി
കനിവാർന്ന നിറവാർന്നൊരെൻ ജന്മം
പുണ്യ ഭൂവിൽ പിറന്നൊരെൻ ജന്മം.

# ടെലിവിഷൻ - ലേഖനം

**അഖിൻ സാം,9 D**



പത്രമാസികകളിലും ചലചിത്രങ്ങളുമെല്ലാം മാധ്യമങ്ങളുടെ പട്ടികയിൽ ഉൾപ്പെടുമെങ്കിലും ഇന്ന് ഏറെ സാമൂഹിക പ്രശ്നങ്ങൾ സൃഷ്ടിച്ചിരിക്കുന്നത് ടെലിവിഷനാണ്. കുടുംബ ജീവിതത്തിൽ തന്നെ ടെലിവിഷൻ വലിയ ഉലച്ചിൽ ഉണ്ടാക്കാൻ തുടങ്ങിയിരിക്കുന്നു എന്നാണ് പുതിയ

വിമർശനം.കുട്ടികളേയും മുതിർന്നവരേയും മാധ്യമം കീഴടക്കിക്കഴിഞ്ഞിരിക്കുന്നു എന്നത് യാഥാർത്ഥ്യമാണ്.

ടെലിവിഷൻ പ്രചാരം അനുദിനം വർദ്ദിച്ചു വരുകയാണ്.വിജ്ഞാനത്തിന്റെയും വിനോദത്തിന്റെയും അതിരില്ലാത്ത സാധ്യതകൾ ആധുനിക മനുഷ്യന് തുറന്നുതന്ന സാങ്കേതിക വിസ്മയം യാഥാർത്ഥ്യത്തിൽ ഭയവും ആശങ്കയും ഉളവാക്കുന്നു. നേരം കൊല്ലിയായ വിഡ്ഢിപ്പെട്ടി എന്ന് വിളിക്കപ്പെട്ടിരുന്ന ടെലിവിഷൻ ഇന്നു സൈദ്ധാന്തികമായ എതിർപ്പിനെയാണ് നേരിടുന്നത്. ആഗോളവൽക്കരണത്തിന്റെ ടോജൻ കുതിരയായും സാമ്പത്തിക സാമ്രാജ്യത്തിന്റെ അദിനിവേശത്തിനു പ്രാരംഭമായി മൂന്നാം ലോക ജനതകളിൽ ഉപഭോഗചരമായ അഭിനിവേഷം വളർത്തുന്ന പ്രലോഭനയന്ത്രമായും ടെലിവിഷനെ വിശേഷിപ്പിച്ചിരിക്കുന്നു.

മാതാപിതാക്കളോടൊത്തുള്ള ഉല്ലാസ സവാരിയേക്കാൾ, മൈതാനത്തെ കളികളെക്കാൾ,ബന്ധുക്കളുമൊത്തുള്ള സല്ലാപത്തേക്കാൾ,വിദ്യാലയങ്ങളിലെ

ചങ്ങാത്തത്തെക്കാൾ ടെലിവിഷനു മുന്നിൽ ചടഞ്ഞിരിക്കുന്നതിൽ സുഖം കണ്ടെത്തുന്നവരായി കുട്ടികൾ മാറി.

നാം അറിയാത്ത ഒരുതരം അപരിചിതത്വത്തിലും അകൽച്ചയിലും നമ്മെ അകപ്പെടുത്തുന്നു എന്നതാണ് ടെലിവിഷന്റെ ഏറ്റവും വലിയ വിന.ടെലിവിഷനിലെ പരിപാടിയല്ല,ടെലിവിഷൻ തന്നെയാണ് നിരാകരിക്കപ്പെടേണ്ടത്എന്ന് മാൻഡർ പറയുന്നു.

അനുഭവങ്ങളുടേയും അനുഭൂതികലുടേയും ലോകത്തിൽ നിന്ന് വലിച്ചെറിയപ്പെടുന്ന ടി.വി പ്രേക്ഷകൻ എന്ന ജൈവ മനുഷ്യനെ ടെലിവിഷൻ ഒരു പൊള്ള വസ്തുവാക്കി മാറ്റുന്നു.ടെലിവിഷൻ എന്നത് ഒരു പുത്തൻ കൊളോണിയലിസത്തിന്റെ ആയുധമാണ്.

ഏകാധിപത്യ ശക്തികൾക്കോ എളുപ്പത്തിൽ കീഴടക്കാൻ കഴിയുന്ന,പ്രതികരണ ശേഷിയില്ലാത്ത മാനസിക ദൗർബല്യവും വിധേയത്വവുമുള്ളവരാക്കി

കാണികളെ ടെലിവിഷൻ മാറ്റുന്നു.മാധ്യമങ്ങളെ സമൂഹത്തിൽ നിന്ന് ഒഴിവാക്കാൻ ഇന്ന് ലോകത്തിൽ ആർക്കും കഴികയില്ല. കുടുംബജീവിതത്തിലേക്കും കുട്ടികളുടെ മനസ്സിലേക്കും അത്രയധികം അവ വളർന്നുകഴിഞ്ഞിരിക്കുന്നു. മാധ്യമങ്ങളെ വിവേചനപൂർവ്വം ഉപയോഗിക്കാനുള്ള മനോഭാവം ഓരോ കുടുംബത്തിലും അവിടെയുള്ള കുട്ടികളിലും വളർത്തിയെടുക്കേണ്ടത് അത്യാവശ്യമാണ്.

# കാക്കറാണി - കഥ

**അൻസിയ,9.A**

ആ നാട്ടിലെ സൗന്ദര്യറാണിയും ഗാനകോകിലവും താനാണെന്നാണ് കാക്കപ്പെണ്ണിൻെറ ഭാവം. അങ്ങനെ അഹങ്കരിച്ചിരിക്കുമ്പോഴാണ് താനിരിക്കുന്ന മരക്കൊമ്പിൻെറ താഴെ കുട്ടികൾ കളിക്കുന്നത് ശ്രദ്ധയിൽപ്പെട്ടത്. അതിൽ ഒരു കൊച്ചുകുട്ടിയുടെ കൈയിൽ നെയ്യപ്പം ഹായ്, എന്ത് രസമുള്ള നെയ്യപ്പം . കാക്കച്ചിക്ക് കൊതി കാരണം വായിൽ വെള്ളമൂറി. റാഞ്ചിയെടുത്ത് പറന്നകന്നു. അങ്ങ് ദൂരെ മരക്കൊമ്പിൽ ചെന്നിരുന്നു. കൊതിയോടെ കൊത്തിത്തിന്നാനാരംഭിച്ചു. അതുവഴി കടന്നു പോയ സൂത്രക്കാരൻ കുറുക്കൻ കാക്കച്ചി മരക്കൊമ്പിലിരുന്ന് നെയ്യപ്പം കഴിക്കുന്നത് കണ്ടു. കുറുക്കനും കൊതി അടക്കാനായില്ല. എങ്ങനെയെങ്കിലും നെയ്യപ്പം കൈക്കലാക്കണം. നെയ്യപ്പത്തിലായി കുറുക്കനും നോട്ടം. കാക്കപ്പെണ്ണ് കുറുക്കന് തന്നെ നോക്കുന്നത് കണ്ട്

അഭിമാനം കൊണ്ടു. തൻെറ സൗന്ദര്യത്തിലാണ്
കുറുക്കൻെറ കണ്ണെന്നാണ് ആ പാവം ധരിച്ചത്. നെയ്യപ്പം
തട്ടിയെടുക്കണമെന്ന് അവൻ തീരുമാനിച്ചു. കാക്കപ്പെണ്ണ്
നെയ്യപ്പം കാലുകൊണ്ട് ചവിട്ടിപ്പിടിച്ചാണ് കൊത്തി
വലിച്ചിരുന്നത്. കാക്കപ്പെണ്ണിനെ കൊണ്ട് നൃത്തം
ചവിട്ടിച്ചാൽ അപ്പം താഴെ വീഴും. കുറുക്കൻ കരുതി. അവൻ
പറഞ്ഞു. കാക്കപ്പെണ്ണേ കാക്കപ്പെണേ ..... നീ എന്തു
സുന്ദരിയാണ് നീ ഒന്നു നൃത്തം ചെയ്താൽ എന്തു
ഭംഗിയായിരിക്കുമെന്നോ കാട്ടിലെ എല്ലാവരും തൻെറ
നൃത്തത്തെക്കുറിച്ച് അറിഞ്ഞിരിക്കുന്നു. കാക്ക സന്തോഷിച്ചു
അവൾ നെയ്യപ്പം കൊക്കുകൊണ്ടെടുത്തു കടിച്ചുപിടിച്ചുകൊണ്ട്
നൃത്തം ചെയ്തു.

കുറുക്കൻ ആശ നശിച്ചു. അവൻ അടുത്തബുദ്ധി പ്രയോഗിച്ചു.
അവൻ പറഞ്ഞു. നൃത്തം അതി ഗംഭീരമായിരുന്നു. പക്ഷേ ,
പാട്ടും കൂടെ വേണം. കാക്കപ്പെണ്ണിന് അഭിമാനം തോന്നി.
തൻെറ പാട്ടിൻെറ കീർത്തിയും നാട്ടുംകരറിഞ്ഞിരിക്കുന്നു.
കാക്കയ്ക്ക് സന്തോഷം അടക്കാനായില്ല. അവൾ
അഹങ്കരത്തോടെ പാടാൻ വാ തുറന്നു.


കാ.....കാ....കാ..... അതാകിടക്കുന്നു നെയ്യപ്പം താഴെ . കാക്കപ്പെണ്ണ് ആട്ടവും പാട്ടും നിറുത്തി നെയ്യപ്പംമെടുക്കാൻ താഴോട്ടു പറന്നു. പക്ഷേ എന്തു കാര്യം? നെയ്യപ്പം കുറുക്കൻ തട്ടിയെടുത്തു കഴിഞ്ഞിരുന്നു. അവൻ നെയ്യപ്പവുമായി കുറ്റിക്കാട്ടിനുള്ളിലേയ്ക്ക് ഓടി മറഞ്ഞു. അപ്പോഴാണ് പാവം കാക്കപ്പെണ്ണിന് തനിക്ക് പറ്റിയ അബദ്ധം മനസ്സിലായത്.

# ജീവജലം - ലേഖനം

**അരോമൽ,9 B**

**പഞ്ചഭൂതങ്ങളിൽ ഒന്ന്**

പഞ്ചഭൂതങ്ങളിൽ ഒന്നാണ് ജലം.ശരീരത്തിലെ 12 ശതമാനം ജലം നഷ്ടപ്പെട്ടാൽ ജീവൻ അപകടത്തിലാവും. കാരണം രക്തചംക്രമണത്തിനും ശരീരത്തിലെ മാലിന്യം നീക്കാനുമെല്ലാം ജലം



കുടിയേതീരൂ.

**ഭക്ഷണവും വെള്ളവും**

ഒരാൾക്ക് ഒരു ദിവസം കുടിക്കാൻ ശരാശരി 2-4 ലിറ്റർ വെള്ളം വേണം. എന്നാൽ ഒരാളുടെ ഒരുദിവസത്തെ ഭക്ഷണം ഉണ്ടായിവരാൻ വേണ്ടത് 2000-5000 ലിറ്റർ വെള്ളമാണ്.

**ജലജീവി**

മുതിർന്ന ഒരാളുടെ ശരീരത്തിൽ 65-70 ശതമാനവും വെള്ളമാണ്. ജനിച്ചു വീഴുന്ന ഒരു കുഞ്ഞിന്റെ ആകെ ഭാരത്തിൽ 80 ശതമാനവും വെള്ളം തന്നെ. അമ്മയുടെ ഗർഭപാത്രത്തിലുള്ള കുഞ്ഞിന്റെ ശരീരത്തിൽ 90 ശതമാനവും വെള്ളമാണ്. മനുഷ്യന് ഒരുമാസത്തിലേറെക്കാലം ഭക്ഷണമില്ലാതെ ജീവിക്കാം. എന്നാൽ വെള്ളമില്ലാതെ കഷ്ടിച്ച് ഒരാഴ്ചയേ കഴിയാനാകൂ.

**ജലവും ശരീരവും**

മനുഷ്യന്റെ തലച്ചോറിന്റെ 75 ശതമാനവും വെള്ളമാണ്. എല്ലുകളിൽ വെള്ളത്തിന്റെ അളവ് 25 ശതമാനം വരും. മനുഷ്യകോശങ്ങൾ എല്ലാം കൂടിയെടുത്താൽ 40 ശതമാനവും ജലം തന്നെ. കോശങ്ങളുടെ ഇടയിൽ 56 ശതമാനവും വെള്ളമാണ്. രക്തത്തിൽ വെള്ളത്തിന്റെ അളവ് 83 ശതമാനമാണ്.ഇത് ശരീരത്തിലെ ആകെ

വെള്ളത്തിന്റെ 4 ശതമാനം വരും. നമ്മുടെ മുടിയിലും പല്ലിലെ കട്ടുപ്പമേറിയ ഇനാമലിലും വെള്ളമുണ്ട്!

# ചിതറിയ വഴികളിൽ - കവിത

അജ്മി , 9.A

ചുടുകാറ്റ് വീശുമീ സായാന്തനത്തിൽ
കുളിർമാരിയൊന്ന് പെയ്തുവെങ്കിൽ
അഗ്നിതൻ ജ്വാലയായ് കത്തുമെൻ ഹൃത്തിനെ
ആ മാരി നന്നേ നനച്ചുവെങ്കിൽ
ഒരു തളിരായ് നീ വീണ്ടും കിളിർത്തുവെങ്കിൽ
വേർപിരിയുമ്പോൾ അറിയില്ല നിൻ കണ്ണിൽ
ചിരിയോ,തിളങ്ങുന്ന കണ്ണുനീരോ...
ദിക്കറിയാതെ വന്നൊരു ദേശാടനക്കിളിപ്പോലെ
ദിശതെറ്റി നീ പറന്നകലവേ
വിട ചോദിച്ചില്ല,കൊണ്ടുപോയില്ല,നീ
എനിക്കായ് തന്നൊരായിരം സ്വപ്നങ്ങൾ
ഏതോ ഒരു കവി ഉച്ചത്തിൽ ചോദിച്ചു.
ഓർമ്മകൾ മരിക്കുമോ?ഓർമ്മകൾ മരിക്കുമോ?
ഇല്ലെന്ന് മാത്രമാണിന്നെന്റെ ഉത്തരം

എന്നാൽ ഞാൻ ഒരു കവിയല്ല
വെറുമൊരു മനുഷ്യനെന്നറിയുക
മരിച്ചില്ല മരിക്കില്ല എന്നിൽ നിന്നോർമ്മകൾ
ഈ ഹൃദയതാളം നിലയ്ക്കുംവരെ

# ഓർമ്മയിലെ ഓണം - കവിത

ശ്യാമ്ലാഥ്,9 C

ഓണപ്പാട്ടിൻ ഈണം തേടും
ചിങ്ങക്കാറ്റിൽ പൂഞ്ചിറകിൽ
ഊഞ്ഞാലായി മാറും ഇന്നെന്റെയുള്ളം
ഓർമ്മത്തേരിൽ വിരുന്നിറങ്ങി


ആവണിപ്പൊൻതാലം നിറച്ചൊരുക്കാൻ
ആയിരം വർണത്തിൻ പൂക്കളില്ലേ
പാടവരമ്പത്തെ തുമ്പികളും
നാക്കിലസദ്യയ്ക്കായ് കൂടത്തില്ലേ
വാകമരത്തണലിൽ ഇളം വെയിലാറ്റി നിൽക്കും
എന്നാത്മ സഖിതൻ നിശ്വാസമില്ലേ
ആടുന്ന ചെന്തെങ്ങിന്നോലകളിൽ
മാവേലി താളത്തിൻ തെളിയമില്ലേ
ഓണനിലാവിന്റെ ഓളങ്ങളിൽ
നീറുന്ന സ്നേഹത്തിൻ രാഗമില്ലേ

താരക സന്ധ്യകൾ തൻ മാലയിൽ
കോർത്തുവെയ്ക്കാൻ മിഴികളില്ലേ

# വൈറസ് - ലേഖനം

**വിശാഖ്,9 F**

വൈറസുകളെ സൂക്ഷ്മജീവികളായാണ്പലരും



കണക്കാക്കുന്നത്. എന്നാൽ സൂക്ഷ്മമായ അർത്ഥത്തിൽ അവ ജീവികളല്ല.ജീവലോകത്തിൽ അവയെ ഉൾപ്പെടുത്തുവാനും കഴികയില്ല.മറ്റു ജീവികളുടെ കോശത്തിൽ അതിക്രമിച്ചു കയറി അവയിൽ രോഗങ്ങളുണ്ടാക്കാൻ ശേഷിയുള്ള സൂക്ഷ്മമായ ജനിതകപദാർഥങ്ങളാണ് വൈറസുകൾ.അപരജീവികളുടെ കോശങ്ങളിൽ

കയറികൂടിയാൽ മാത്രമേ ഇവയ്ക്ക് ജീവന്റെ ലക്ഷണം കാണിക്കാനും സ്വയം പെരുകുവാനും കഴിയൂ.അതിനാൽ ജീവനുള്ളവയ്ക്കും ഇല്ലാത്തവയ്ക്കും ഇടയിലാണ് വൈറസുകളുടെ സ്ഥാനം.

വൈറസുകൾ സർവവ്യാപികളാണ്.കരയിലും കടലിലും ആകാശത്തുമൊക്കെ ഇവയുണ്ട്.ജന്തുക്കളുടേയും സസ്യങ്ങളുടേയും മാത്രമല്ല,സൂക്ഷമജീവികളുടെ വരെ കോശങ്ങളിൽഅതിക്രമിച്ചു കയറി രോഗങ്ങൾ വരുത്തുവാൻ വൈറസുകൾക്കാവും.ആതായത് മനുഷ്യനു മാത്രമല്ല,മറ്റു ജീവജാലങ്ങൾക്കും ഒരുപോലെ ഭീഷണിയാണ് വൈറസുകൾ എന്നർത്ഥം!ശക്തമായ ഇലക്ട്രോൺ മൈക്രോസ്കോപ്പിലൂടെ മാത്രമേ ഇവയെ കാണാനാകൂ.

# പിന്നോട്ട് പോ - കഥ

**അഞ്ചു ബി,9.A**

ചിത്രപുരത്തെ രാജാവാണ് ചിത്രഗുപ്തൻ.
മണ്ടശ്ശിരോമണിയായ അദ്ദേഹം ദിവസവും
വിചിത്രമായ ഓരോരോ കല്പനകൾ പുറപ്പെടുവിക്കും.
ഈ മണ്ടൻ കല്പനകൾ കാരണം ആളുകൾ
പൊറുതിമുട്ടി.
അങ്ങനെയിരിക്കെ,ഒരു ദിവസം ചിത്രഗുപ്തൻ
പുതിയൊരു കല്പന പുറപ്പെടുവിച്ച നാളെ മുതൽ
ചിത്രപുരത്തെ പ്രജകളെല്ലാം പിന്നോട്ടുനടക്കണം
പാവം പ്രജകൾ കല്പന അനുസരിച്ചില്ലെക്കിൽ തല
പോകുമെന്ന ഭയന്ന് അവർ ഏറെ
കഷ്ടപ്പെട്ടാണെക്കിലും പിന്നോട്ടു നടക്കാൻ തുടങ്ങി.
പിന്നോട്ടു നടന്നാലുള്ള അപകടങ്ങൾ പറയണോയ?
കുഴിയിലും കിടങ്ങിലുമൊക്കെ വീണ് നടുവൊടിഞ്ഞ്
പലരും കിടപ്പിലായി
ആളുകളുടെ സക്കടം കണ്ട് മന്ത്രി രാജാവിൻെറ

അടുക്കൽ ചെന്നു പറഞ്ഞു പ്രഭോ അങ്ങ് ദയവു ചെയ്ത്
ഈകല്പന പിൻവലിക്കണം അല്ലെങ്കിൽ പ്രജകൾ
കൂട്ടത്തോടെ വികലാംഗരാവും
എന്നാൽ തന്നിഷ്ടക്കാരനായ രാജാവുണ്ടോ തൻെറ
കല്പനകയിൽ നിന്ന് പിൻമാറുന്നു? അദ്ദേഹം
മന്ത്രിയോട് പറഞ്ഞതെന്തെന്നോ? മന്ത്രി താങ്കളും
നാളെ മുതൽ പിന്നോട്ട് നടക്കണം എന്ന്
പാവം മന്ത്രി മന്ത്രിയും രാജാവിനെ ഭയന്ന് പിന്നോട്ട്
നടക്കാൻ തുടങ്ങി. ഈ സമയത്താണ് നന്ദലാലൻ
എന്നൊരു കുട്ടി രാജാവിനെ മുഖം കാണിക്കാനായി
പിന്നോട്ടു നടന്ന് അവിടെയെത്തിയത്.
ഉം നീയാരാ എന്തു വേണം രാജാവ് ചോദിച്ചു.
അടിയൻ കുറച്ചപ്പുറത്തുള്ള ഒരു വീട്ടിലെയാ
അങ്ങടിയിൽ ചിലർ അങ്ങയെ കളിയാക്കുന്നതു കേട്ടു
അതു പറയാനാ വന്നത് അവൻ പറഞ്ഞു
ങേ നമ്മെകളിടാക്കുകയോ എന്താണീ കേൾക്കുന്നത്
രാജാവ് ക്ഷുഭിതനായി
അതെ പ്രഭോ അങ്ങയുടെ പുതിയ കല്പന വമ്പൻ

മണ്ടത്തരമാണെന്നു പറഞ്ഞാ അവർ
കളിയാക്കുന്നത് ഇതു കൂടി കേട്ടപ്പോൾ
രാജാവിൻെറ കോപം ഇരട്ടിച്ചു
ആരവിടെ നമ്മെ കളിയാക്കിയവരെ ഉടൻ പിടിച്ചു
കെട്ടിക്കൊണ്ടുവരൂ രാജാവ് ഇങ്ങനെ കല്പിച്ചതും
നന്ദലാലൻ താണുതൊഴുതു കൊണ്ട് പറഞ്ഞു
പ്രഭോ അടിയനൊരു അഭിപ്രായമുണ്ട്.
തെറ്റാണെങ്കിൽ പൊറുക്കണം കല്പിക്കാനല്ലാതെ
പ്രവർത്തിക്കാനറിയാത്ത രാജാവാണ് അങ്ങ്
എന്ന്പറഞ്ഞാണ് അവർ കളിക്കിയത്.
അപ്പറഞ്ഞത് തെറ്റാണെന്ന് അങ്ങ് തെളിയിച്ചു
കൊടുക്കണം എന്നിട്ട് അവരെ ശിക്ഷിച്ചോളൂ
അവൻ പറഞ്ഞതിൽ കാര്യമുണ്ടെന്ന് രാജാവിന്
തോന്നി. അദ്ദേഹം അപ്പോൾ തന്നെ പ്രഖ്യാപിച്ചു
നാമിതാ ഈ നിമിഷം മുതൽ പിന്നോട്ടു മാത്രമേ
നടക്കൂ.
പിന്നോട്ട് നടക്കാൻ തുടങ്ങിയപ്പോഴല്ലേ രാജാവിന്
അതിൻെറ വിഷമം മനസ്സിലായത്
കൊട്ടാരത്തിനകത്തെ തളത്തിൽ

തട്ടിത്തടഞ്ഞുവീണ് അദ്ദേഹത്തിൻെറ

നട്ടെല്ലൊടിഞ്ഞു.

കല്പനയുടെ മണ്ടത്തരം ബോധ്യപ്പെട്ട രാജാവ്

കിടന്ന കിടപ്പിൽ തൻെറ കണ്ണുതുറപ്പിച്ച

നന്ദലാലൻ എന്ന ബുദ്ധിമാനായ കുട്ടിക്ക് അദ്ദേഹം

ധാരാളം സമ്മാനങ്ങൾ നൽകുകയും ചെയ്തു.

## കോഴിയും കുറുക്കനും - കഥ

**മോനിഷ,9.E**

ഒരിടത്തൊരിടത്ത് ഒരു അപ്പൂപ്പന് ഒരു കോഴിയും

പൂച്ചയും ഉണ്ടായിരുന്നു. അപ്പൂപ്പൻ കാട്ടിൽ വിറക്

വെട്ടാൻ പോകുമ്പോൾ അപ്പൂപ്പനുള്ള ഭക്ഷണ

സഞ്ചിയുമായി പൂച്ചയും കൂടെപ്പോകും.

കോഴിയാണെക്കിലോയ? അവർ വരുന്നതു വരെ

വീടിനകത്തിരിക്കും.

ഒരു ദിവസം അപ്പൂപ്പനും പൂച്ചയും പുറത്തുപോയ തക്കം

നോക്കി ഒരു സൂത്രക്കാരൻ കുറുക്കച്ചാർ  വീടിൻെറ

ജനാലയ്ക്കലെത്തി ഇങ്ങനെ പാടി:

" കൊക്കര പാട്ടും ചങ്ങാതീ

നിനക്ക് നൽകാം സമ്മാനം

രുചിയേറുന്നൊരു സമ്മാനം

പച്ചപ്പവിഴ പയർമണികൾ"

പാട്ട് കേട്ടതും മറ്റൊന്നും ആലോചിക്കാതെ കോഴി

ജനാല തുറന്ന് പുറത്തേക്ക് തലനീട്ടി. കഷ്ടം കഷ്ടം

അപ്പോൾ തന്നെ അവൻ കുറുക്കൻെറ പിടിയിലായി.

കുറുക്കച്ചൻ കോഴിയേയും കൊണ്ട് കാടിലേക്ക് ഓടി.

പേടിച്ചുപോയ കോഴി തൻെറ ചങ്ങാതിപ്പൂച്ചയെ

വിളിച്ച് കരയാൻ തുടങ്ങി.

പൂച്ച അത് കേട്ടു. അവൻ ഓടി വന്ന് കുറുക്കനെ തടഞ്ഞ്

നിർത്തി കോഴിയെ രക്ഷപ്പെടുത്തി.

പിറ്റേന്ന് കാട്ടിലേക്ക് പുറപ്പെടും മുൻപ് പൂച്ച കോഴിയെ വിളിച്ച് പറഞ്ഞു: "ഇന്നും ആ കള്ളക്കുറുക്കൻ വരും. സൂത്രങ്ങൾ പറയും. നീ ജനാല തുറക്കരുത്. അവൻ നിന്നെ തിന്നു കളയും" കോഴി സമ്മതിച്ചു.

കുറേക്കഴിഞ്ഞ് കുറുക്കൻ വന്നു. പതിവുപോലെ അവൻ പാടാൻ തുടങ്ങി:

പവിഴക്കല്ലുകൾ തോറ്റോടും
പയർമണിതിന്നാൻ വന്നാട്ടേ
സ്വർണ്ണത്തരികൾ നാണിക്കും
ഗോതമ്പിത്തിരി തിന്നാട്ടേ

എന്നാൽ കോഴി ജനാല തുറന്നില്ല. അത് ഇങ്ങനെ പറഞ്ഞു:"എന്നെ പറ്റിക്കാൻ നോക്കേണ്ട കള്ളക്കുറുക്കാ. നീ എന്നെ തിന്നാനുള്ള വഴിയാണ് നോക്കുന്നതെന്ന് എനിക്കറിയാം"

അതു കേട്ടപ്പോൾ കുറുക്കൻ കുറച്ച് ഗോതമ്പ് തരികൾ കിളിവാതിലിലൂടെ വീടിനുള്ളിലേക്കിട്ടു. കോഴി അത് തിന്നു നോക്കി. ആഹാ  എന്തൊരു രുചി

അപ്പോൾ കുറുക്കൻ പറഞ്ഞു,:"നിനക്കീ പയറും ഗോതമ്പും തരാനും നിന്നെ എൻെറ വീട് കാണിച്ചു തരാനുമാണ് ഞാൻ നിന്നെ കൂട്ടിക്കൊണ്ടു പോയത്. അല്ലാതെ പിടിച്ച് തിന്നാനൊന്നുമല്ല"

അത് നേരായിരിക്കും കോഴിക്കു തോന്നി. അവൻ ജനാല തുറന്ന് തല പുറത്തേക്കിട്ടു. സംശയമുണ്ടോ? അപ്പോൾ തന്നെ കുറുക്കൻ കോഴിക്കഴുത്തിൽ പിടിയും മുറുക്കി.

കോഴി നിലവിളിച്ചു : " ചങ്ങാതീ ഓടി വരണേ രക്ഷിക്കണേ"... ഇത്തവണയും പൂച്ച പാഞ്ഞെത്തി കോഴിയെ രക്ഷിച്ചു .

അടുത്ത ദിവസം പൂച്ചക്കുട്ടൻ കോഴിയോട് പറഞ്ഞു ഇന്നു ഞങ്ങൾ കാട്ടിൽ വളരെ ദൂരേക്കാണ് പോകുന്നത് നീ കുറുക്കന് വാതിൽ തുറന്ന് കൊടുക്കുകയോ ജനലിലൂടെ അവനോട് വിശഷം പറയാൻ പോവുകയോ ചെയ്യരുത് കോഴി തലകുലുക്കി.

അന്ന് കുറുക്കൻ വന്നപ്പോൾ കോഴി ഒച്ചയുണ്ടാക്കാതെ

അകത്തിരുന്നു.
കുറുക്കൻ പറഞ്ഞു ഞാനിപ്പോൾ കോഴികളെ
തിന്നാറില്ല നിൻെറ ചങ്ങാതിയാവാനാണ് ഞാൻ
ശ്രുമിക്കുന്നത് നിനക്ക് വിശ്വാസമായില്ലെങ്കിൽ
ഞാനതാ ആ മരത്തിന്റെ ചുവട്ടിൽ മാറി നിൽക്കാം
കുറുക്കൻ പറഞ്ഞത് ശരിയായിരിക്കുമോ കോഴിക്ക്
സംശയമായി. കുറുക്കൻ എന്താണ് ചെയ്യുന്നത് എന്ന്
അറിയാൻ അവന് അതിയായ ആഗ്രഹം തോന്നി.
അവൻ പതിയെ ജനാല തുറന്ന് തല
വെളിയിലേത്ക്കിട്ടു.
ഒളിച്ചിരുന്ന കുറുക്കൻ ചാടി വീണ്
കോഴിയെപ്പിടിച്ചെന്നു പ്രത്യേകം പറയണോ
പതിവുപോലെ കോഴി ഉച്ചത്തിൽ കൂട്ടുകാരനെ വിളിച്ച്
കരയാൻ തുടങ്ങി. എന്നാൽ കാട്ടിൽ ഒരുപാട്
ദൂരെയായിരുന്ന പൂച്ച അത് കേട്ടില്ല.
കുറുക്കൻ അടുത്തുള്ള പാറക്കെട്ടിൽ പോയിരുന്ന
കോഴിയെ ശാപ്പിട്ടു. എല്ലുകൾ പോലും അവൻ തിന്നു
കളഞ്ഞു. ആകെ ബാക്കിയുണ്ടായിരുന്നത് കുറച്ച്

ളുവലുകളായിരുന്നു. അവ കാറ്റിൽ പറന്ന് പോവുകയും ചെയ്തു.

അങ്ങനെ പറഞ്ഞാൽ കേൾക്കാത്ത ആ കോഴിയുടെ കഥ കഴിഞ്ഞു.

# ജലമെന്ന മാന്ത്രികൻ - ലേഖനം

റോഷ്ന,9 A

**വെള്ളത്തുള്ളികൾക്ക് ഗോളാകൃതി വന്നത് എന്തുകൊണ്ടാണ് ?**



വെള്ളത്തിന്റെ സർഫസ് ടെൻഷൻ അഥവാ പ്രതല ബലമാണ് ഈ ഗോളാകൃതിക്ക് കാരണം. ജലത്തുള്ളിക്കകത്തെ തന്മാത്രകൾ പരസ്പരം ആകർഷിക്കും. ഇതുമൂലം പുറമേയുള്ള ജലതന്മാത്രകൾക്ക് ഉള്ളിലേക്ക് ഒരു വലിവ് അനുഭവപ്പെടുന്നു.എല്ലായുടത്തുനിന്നും ഈ വലിവ് ഒരുപോലെ അനുഭവപ്പെടുന്നതിനാൽ വെള്ളത്തുള്ളിയുടെ വലുപ്പം പരമാവധി കുറയ്ക്കാൻ അത് ശ്രമിച്ചുകൊണ്ടിരിക്കും.ഗോളാകൃതിക്ക് പ്രതല വലുപ്പം കുറവായതിനാൽ വെള്ളത്തുള്ളി ഗോളാകൃതി സ്വീകരിക്കുന്നു.

I WROTE MYSELF A LETTER

POEM


I wrote myself a letter.
I mailed it right away.
And,sure enough,the carrier,
delivered it today.

I couldn't wait to get it.
I nearly had to shout.
I quickly to read the envelope
and pulled the letter out.

I anxiously unfolded it
but now I must concede,
I'm clueless as to what it saw.
I haven't learned to read.

# തിരിച്ചറിവുകൾ - കഥ

അഖിൽ യേശുദാസ്,9 C



പതിവുപ്പോലെ

അന്നും വിവേക് കളി കഴിഞ്ഞ് കൂട്ടുകാരോടൊപ്പം വിവരങ്ങൾ പങ്കുവെച്ച് വീട്ടിലേക്ക് വരുകയായിരുന്നു. വിവേകിനേയും കാത്ത് അവന്റെ അമ്മ വീടിന്റെ പടിവാതിൽക്കൽ നിൽക്കുകയായിരുന്നു. അന്ന് വിവേക് കുറച്ച് താമസിച്ചിരുന്നു. അവൻ വീട്ടിലേക്ക് വന്ന് കയറി. അവനെ അമ്മ കൂട്ടുകാരുടെ മുമ്പിലിട്ട് വഴക്കുപ്പറഞ്ഞു. അത് അവന് സഹിക്കാനാകുമായിരുന്നില്ല. അവൻ അമ്മയോട് തിരിച്ച് ദേഷ്യപ്പെട്ടു. "ഒറ്റക്കണ്ണീ എന്റെ കാര്യം നോക്കേണ്ട" എന്ന് അവൻ സ്വന്തം അമ്മയോട് കൂട്ടുകാർ കേൾക്കേ പറഞ്ഞു.

അവന്റെ അമ്മ ഒറ്റക്കണ്ണിയായിരുന്നു.എങ്ങനെ

അപകടം പറ്റിയതാണെന്ന് അവന്
അറിയില്ലായിരുന്നു.വളരെ കാലത്തിനു ശേഷം
ആറ്റുനോറ്റുണ്ടായ സന്തതിയായിരുന്നു വിവേക്.
അമിത ലാളനത്തിലാണ് അമ്മ അവനെ
വളർത്തിയത്.എന്നാൽ ആ ലാളന ഇന്ന് ആ അമ്മയ്ക്ക്
തിരിച്ചടിയായിരിക്കുന്നു. അവൻ സ്വന്തം
അമ്മയെപ്പോലും തള്ളിപ്പറയാൻ മടിക്കാത്ത
ധിക്കാരിയായി മാറിയിരുന്നു.വിവേകിന് അവന്റെ
അമ്മയുടെ കുറവ് ഒട്ടും ഇഷ്ടമല്ലായിരുന്നു.അവൻ തന്റെ
അമ്മയാണെന്ന് പലരോടും പറയാൻ തന്നെ
മടിച്ചു.വിവേക് തന്റെ അമ്മ പറയുന്നതൊന്നും
കേൾക്കാതെയായി.അത് ആ അമ്മയിൽ
വളരെയധികം വിഷമമുണ്ടാക്കി.തന്റെ മകന്
തന്നോടുള്ള പെരുമാറ്റം ആ അമ്മയെ കൂടുതൽ
ദുഃഖത്തിലാഴ്ത്തി.എന്നിട്ടും വിവേകിന് ഒരു
കുറവുമില്ലാതെയാണ് അമ്മ അവനെ വളർത്തിയത്.

കാലം കടന്നു പോയി.വിവേകിന്റെ അമ്മ

മരണപ്പെട്ടു.വിവേക് വളർന്നു വലുതായി ഒരു
വ്യവസായിയായി മാറിയിരുന്നു.താൻ ജനിച്ചു വളർന്ന
വീടു വിട്ട് വേറെ വീട്ടിലാണ് ഇപ്പോൾ വിവേകിന്റെ
താമസം.തന്റെ പഴയ വീട് വിൽക്കുവാൻ വിവേക്
തീരുമാനിച്ചു.തന്റെ നാട്ടിലേക്ക് വിവേക് തിരിച്ചു
വന്നു.വീടും പരിസരവും കാടു പിടിച്ചു കിടക്കുന്നു. അതു
വൃത്തിയാക്കാൻ അവൻ കാണാരേട്ടനെ
ഏല്പിച്ചു.വിവേകിന്റെ കുടുംബസുഹൃത്ത് കൂടിയായിരുന്നു
കാണാരേട്ടൻ.അവർ തമ്മിൽ പഴയ ഓർമ്മകൾ
പങ്കുവെച്ചു.കൂട്ടത്തിൽ കാണാരേട്ടൻ ചോദിച്ചു:-"അമ്മ
മരിച്ചിട്ടുപ്പോലും ഒന്നിങ്ങോട്ടു വരാൻ കൂട്ടാക്കാഞ്ഞത്
എന്തേ നീയ്യ്".അവരുടെ കൂടെ താമസിച്ചിരുന്നെങ്കിൽ
എന്റെ ജീവിതം എങ്ങും എത്തുമായിരുന്നില്ല എന്ന്
വിവേക് മറുപടി പറഞ്ഞു.കാണാരേട്ടൻ വളരെ
വിഷമത്തോടെ പറഞ്ഞു - "നിനക്ക് അറിയാമോ
നിന്റെ അമ്മയുടെ കണ്ണ് എങ്ങനെയാ പോയേന്ന് "?
ഇല്ല എന്നവൻ മറുപടി നൽകി.കാണാരേട്ടൻ പറഞ്ഞു

"ഇനി എനിക്കത്തു മനസ്സിൽ കൊണ്ടുനടക്കാൻ വയ്യ, നിന്റെ അമ്മ അത് നീ ഒരിക്കലും അറിയരുത് എന്ന് പറഞ്ഞിട്ടാ കണ്ണടച്ചത്. എന്നാൽ നിന്റെ ഈ നിഷേധ മനേഭാവം മാറ്റാൻ വേണ്ടി എനിക്കത്തു പറഞ്ഞേ മതിയാകൂ".ഇത്രയും കേട്ടപ്പോൾ വിവേകിന് അത് എന്താണെന്നറിയാനുള്ള ആകാംക്ഷ കൂടി.കാണാരേട്ടൻ തുടർന്നു "മൂന്നാം വയസ്സില് നീ കളിക്കുന്നതിനിടയിൽ നിന്റെ കണ്ണിൽ കമ്പി കേറികൊണ്ടു.പോകാവുന്ന ആശുപത്രികളിലെല്ലാം പോയി.എല്ലാ ഡോക്ടർമാരെയും കാണിച്ചു.കണ്ണ് മാറ്റി വക്കതെല്ലാതെ മറ്റൊരു വഴിയും ഇല്ലായെന്ന് അവർ തറപ്പിച്ചു പറഞ്ഞു.ആരും കണ്ണ് ദാനം ചെയ്യാൻ തയ്യാറായില്ല.ഒടുവിൽ എതിർപ്പുകൾ മറികടന്നിട്ടാണെങ്കിലും നിന്റെ അമ്മ നിനക്ക് കണ്ണ് ദാനം ചെയ്യാൻ തീരുമാനിച്ചു.ആ അമ്മയെയാണ് നീ എന്നും എപ്പോഴും എതിർക്കുന്നത്.അന്നെല്ലാം നിന്റെ അമ്മ ഒന്നേ  പറഞ്ഞുള്ളൂ നിന്റെ അടുക്കൽ ഒന്നും

പറയരുതേ എന്ന്.....”

ഇത്രയും പറഞ്ഞപ്പോൾ തന്നെ വിവേകിന്റെ കണ്ണുകൾ നിറഞ്ഞ് തുടങ്ങി.സങ്കടം സഹിക്കാനാവാതെ അവൻ കാണാരേട്ടന്റെ ചുമരിൽ തലവെച്ച് പൊട്ടിക്കരഞ്ഞു.എന്നിട്ട് തന്റെ അമ്മയുടെ കല്ലറകരുകിൽ ചെന്നിരുന്ന പറയാനുള്ളതെല്ലാം പറഞ്ഞു.

അമ്മയെ തിരിച്ചറിയാൻ സാധിക്കാതിരുന്നതിനാൽ അവൻ മനംപൊട്ടി കരഞ്ഞു.അമ്മയെന്നുള്ള തിരിച്ചറിവ് അവൻ വളരെ വൈകിയാണെങ്കിലും മനസ്സിലാക്കി.....

# നിനവിന്റെ രാഗം - കവിത

ദീപിക,9C

പാടുന്നപാട്ടിന്റെ ഈണം മറന്നു
പകലുകളിലിരവുകളിലറിയാതെ തേങ്ങി
ഓർമ്മതൻ ചെപ്പിൽ രാഗാർദ്രമൊട്ടായ്
താളംപിടിക്കുന്ന വേദനയോടെ
ജീവന്റെ താളം പലവട്ടം തെറ്റി
ഓർമ്മതൻ കണ്ണീർത്തടങ്ങളിൽ മുങ്ങി
ഇനിയും ഒടുങ്ങാത്ത നിനവുതൻമേട്ടിൽ
തലകുമ്പിട്ടു ഞാൻനിന്നങ്ങു പോയി
വേദനമാത്രം കൈക്കൊണ്ടു ഞാനാ
നിനവുകളെയെല്ലാം മറക്കാൻശ്രമിച്ചു
കഴിയില്ല കഴിയില്ല പിൻതുടരുന്നു
കയ്യേറുന്ന ഓർമ്മതൻ രാഗം
മധുരമാം നിനവുകൾ ഞാൻ കൊതിക്കുന്നു.
വിരഹവും ദുഃഖവും മാത്രം ഫലമായ്

വിങ്ങലുകളോടെ ഞാൻ തള്ളിനീക്കി
അവശേഷിക്കുമീജീവിതഭാരം
കാറ്റിന്റെ താളം ഞാൻ വിസ്മരിച്ചു
എല്ലാറ്റിനേയും വെറുക്കാൻ തുടങ്ങി
അനുഭവം എന്നിൽ വിരഹം വിതറി
നിനവിന്റെ രാഗവും ഞാനും ബാക്കി
നിനവിന്റെ രാഗവും ഞാനും ബാക്കി
നിനവിന്റെ രാഗവും ഞാനും ബാക്കി....

# മാറാല - കവിത

ഹരണി എസ്,9 c

നോവല്ല സ്നേഹത്തിൽ
കുളിരാണമ്മേ നിൻ ഹൃദയം
എരിയുന്ന വിളക്കിൻ തീനാളം പോൽ
നിൻ മനമുരുകുന്നതാരും കാണാത്തതെന്തേ?

ജീവിതത്തിൻ കാണാനൊമ്പരങ്ങൾ
ചിരിയായി മാറ്റി
മുത്തുപോൽ തിളങ്ങുന്ന
നിൻമുഖം

അടുക്കളച്ചുവരിൽ
തറയ്ക്കപ്പെട്ടു നിൻ ശരീരം
പൊള്ളുന്ന നീറുന്ന
കരിയുന്ന

ഇതാണോ നീ കണ്ട സ്വപ്നങ്ങൾ
ചിറകൊടിഞ്ഞ പക്ഷിയെപ്പോൽ

നീ എന്നമടുക്കളച്ചുവരിലെ
മാറാലമാത്രം
ഈ മാറാലമാത്രം.

## മലയാളമേ മാപ്പ് - കവിത

അഞ്ജലി,9.F

മലയാളമറിയാത്ത മലയാളിയാണിന്ന്
മലയാള മാടിൻെറ ശാപം
ദുശ്ധം മണക്കുന്ന ചെഞ്ചോരച്ചുണ്ടത്ത്
ആംഗലേയം തുടിക്കുന്നു
അമ്മയില്ല നിനക്കിന്ന്-മമ്മി
അച്ഛനില്ല നിനക്കിന്ന്-ഡാഡി.
സംസ്കാര ശൂന്യത കൊട്ടിഘോഷിക്കുവാൻ
ട്രെൻെറുകൾ മത്സരിക്കുമ്പോൾ.
ഇതുതന്നെ സംസ്കാരമെന്നു ഘോഷിക്കുവാൻ
ക്ലബ്ബുകൾ കയ്യടിക്കുന്നു

അഭിനയത്തികവിൻെറ മൂർത്തിമത്ഭാവായ്
സ്നേഹം ചിറകടിക്കുന്ന
തെല്ലുമാത്മാർത്ഥതയില്ലെന്നറിയുമ്പോൾ
എന്തിനീ വിങ്ങലുമാത്രം
മാവേലി നാടൊക്കെ എങ്ങോമറഞ്ഞുപോയി
മന്ത്രിമാർ നാടാകെയിന്നോ...മുടിഞ്ഞുപോയി
അഭിനയിക്കാൻ പഠിക്കു നിനക്കിനി
മുന്നോട്ടുപോകണമെങ്കിൽ
ആത്മാർത്ഥത തെല്ലുമില്ലാത്ത ലോകത്ത്
അഭിനയത്തിന്നരചനാകു
മലയാളമേ മാപ്പ്,മലയാണ്മയെ മാപ്പ്
നിൻെറയീപ്പുത്രന വേണ്ടി....

# അമ്മ - കവിത

സെയ്ദ് അബ്ദുൾ ഖാദർ,9.A




അമ്മ തൻ കൈക്കുമ്പിളിൽ നിന്നൊരു
മാമ്പഴം മുന്നിലായി നീട്ടിടുമ്പോൾ
ആരും പറയാത്ത മൗനവുമായൊരു

പുഞ്ചിരി പാലാഴി കണ്ടിടുമ്പോൾ
ആദ്യത്തെ സ്നേഹത്തിൻ അക്ഷര
ച്ചെപ്പിലെ മുത്തും പവിഴവും തന്നിടുന്ന
അറിയാതെ അമ്മതൻ കണ്ണുനിറയുന്ന
കാലത്തിൻ സാക്ഷ്യം കൊടുക്കുമോ ഞാൻ?
ചോദിക്കുകയാണെന്നമ്മ ഹൃദയമേ നിന്നോട്
ഓർക്കുക അമ്മതൻ സ്നേഹഹർഷം
അരികത്തു വന്നെന്നെ മാറാടോചേർത്തൊരു
താരാട്ട് പാട്ടങ്ങ് പാടീടുമ്പോൾ
പാട്ടിൽ തുളുമ്പുമാ സ്നേഹത്തിൻ പാലാഴി
എന്നിലേക്കൊന്നിങ്ങു നീട്ടീടുമ്പോൾ
അറിയാതെ നിറയുമോ കണ്ണിൽ
സ്നേഹത്തിൻ നാളങ്ങൾ
അറിയാതെ പോയൊരു

**ഓമനപൈതലായി തീർന്നുവോ നീ**

**മനസ്സിൽ വിതുമ്പുമാ കവിതയാം സ്നേഹത്തിൻ**

**ഇവിടെ പകർത്തുന്ന വേളിയിതിൽ**

**അറിയാതെ പോയൊരു അമ്മതൻ കണ്ണുനീർ**

**കാണാതെ പോകുകിൽ എന്തുലാഭം?**

# ജീവജലം - ലേഖനം

**അരോമൽ,9 B**




**പഞ്ചഭൂതങ്ങളിൽ ഒന്ന്**

പഞ്ചഭൃതങ്ങളിൽ ഒന്നാണ് ജലം.ശരീരത്തിലെ

12 ശതമാനം ജലം നഷ്ടപ്പെട്ടാൽ ജീവൻ അപകടത്തിലാവും. കാരണം രക്തചംക്രമണത്തിനും ശരീരത്തിലെ മാലിന്യം നീക്കാനുമെല്ലാം ജലം കൂടിയേതീരൂ.

**ഭക്ഷണവും വെള്ളവും**

ഒരാൾക്ക് ഒരു ദിവസം കുടിക്കാൻ ശരാശരി 2-4 ലിറ്റർ വെള്ളം വേണം. എന്നാൽ ഒരാളുടെ ഒരുദിവസത്തെ ഭക്ഷണം ഉണ്ടായിവരാൻ വേണ്ടത് 2000-5000 ലിറ്റർ വെള്ളമാണ്.

**ജലജീവി**

മുതിർന്ന ഒരാളുടെ ശരീരത്തിൽ 65-70 ശതമാനവും വെള്ളമാണ്. ജനിച്ചു വീഴുന്ന ഒരു കുഞ്ഞിന്റെ ആകെ ഭാരത്തിൽ 80 ശതമാനവും വെള്ളം തന്നെ. അമ്മയുടെ ഗർഭപാത്രത്തിലുള്ള കുഞ്ഞിന്റെ ശരീരത്തിൽ 90 ശതമാനവും വെള്ളമാണ്. മനുഷ്യന്

ഒരുമാസത്തിലേറെക്കാലം ഭക്ഷണമില്ലാതെ ജീവിക്കാം. എന്നാൽ വെള്ളമില്ലാതെ കഷ്ടിച്ച് ഒരാഴ്ചയേ കഴിയാനാകൂ.

**ജലവും ശരീരവും**

മനുഷ്യന്റെ തലച്ചോറിന്റെ 75 ശതമാനവും വെള്ളമാണ്. എല്ലുകളിൽ വെള്ളത്തിന്റെ അളവ് 25 ശതമാനം വരും. മനുഷ്യകോശങ്ങൾ എല്ലാം കൂടിയെടുത്താൽ 40 ശതമാനവും ജലം തന്നെ. കോശങ്ങളുടെ ഇടയിൽ 56 ശതമാനവും വെള്ളമാണ്. രക്തത്തിൽ വെള്ളത്തിന്റെ അളവ് 83 ശതമാനമാണ്.ഇത് ശരീരത്തിലെ ആകെ വെള്ളത്തിന്റെ 4 ശതമാനം വരും. നമ്മുടെ മുടിയിലും പല്ലിലെ കട്ടപ്പമേറിയ ഇനാമലിലും വെള്ളമുണ്ട്!

# ഇരുമ്പു തിന്നുന്ന എലി - കഥ

**അർഷ,9 C**

പണ്ടൊരു പട്ടണത്തിൽ ഒരു

കച്ചവടക്കാരനുണ്ടായിരുന്നു.അയാൾ തന്റെ

സുഹൃത്തിനെ വിശ്വസിച്ച്
അമ്പതു തുലാഭാരം
ഇരുമ്പു സൂക്ഷിക്കുവാൻ
ഏല്പിച്ചു. എന്നിട്ട്
അയാൾ
കച്ചവടത്തിനുവേണ്ടി
തെക്കൻ ദിക്കിലേയ്ക്ക്
പോയി.പത്തുമാസം
അയാൾ അവിടെ



താമസിച്ചു. മടങ്ങിവന്നപ്പോൾ താൻ പണ്ട്
സൂക്ഷിക്കാൻ കൊടുത്ത ഇരുമ്പു അയാൾ
സ്നേഹിതനോട് മടക്കി ചോദിച്ചു.സ്നേഹിതൻ

കൈമലർത്തി "ചങ്ങാതീ,എന്റെ വീട്ടിൻ എലിയുടെ ശല്യം വളരെയുണ്ട്.എന്തുചെയ്യാം ഇരുമ്പെല്ലാം എലി തിന്നുതീർത്തു."ഇരുമ്പ് എലി തിന്നുകയോ? ഇവൻ മഹാദുഷ്ടൻ തന്നെ!

വിശ്വാസവഞ്ചനചെയ്തിരിക്കുന്നു.അയാൾ മറുത്തൊന്നും പറഞ്ഞില്ല.വെറുതെ പറഞ്ഞിട്ടെന്തുകാര്യം.

കച്ചവടക്കാരൻ മടങ്ങിപ്പോന്നു.

അടുത്തൊരു ദിവസം സുഹൃത്തിന്റെ പുത്രൻ കുളിക്കാൻ പോകുകയായിരുന്നു.കച്ചവടക്കാരൻ ഉടനെചെന്ന് അവനെപിടിച്ചുകൊണ്ടുവന്ന് ആരും കാണാതെ മുറിയിലിട്ട് പൂട്ടി.അവന്റെ അച്ഛൻ മകനെകാണാതെ പല ദിക്കിലും തിരഞ്ഞു. കച്ചവടക്കാരനോട് ചോദിച്ചു .അയാൾ പറഞ്ഞു ചങ്ങാതീ നിന്റെ മകനെ ഒരു പരുന്ത് വന്നെടുത്തുകൊണ്ടു പറന്നുപ്പോയി.പതിനെട്ടുവയസ്സായ

അവനെ പരുന്തെടുത്തു പറക്കുകയോ? കള്ളം! തന്റെ മകനെ കച്ചവടക്കാരൻ പിടിച്ചുകൊന്നു എന്ന് അവൻ രാജാവിനോട് പരാതിപ്പെട്ടു.കച്ചവടക്കാരനെ വരുത്തി രാജീവ് ചോദ്യം ചെയ്തു.പരുന്ത് സ്നേഹിതന്റെ മകനെ കൊത്തി പറന്നുപോയെന്നു അവൻ ധൈര്യം വിടാതെ പറഞ്ഞു.ആളുകൾ അതു കേട്ടു ചിരിച്ചു.ഇങ്ങനെ സംഭവിക്കുകയില്ലെന്നായി അവർ. പക്ഷേ കച്ചവടക്കാരൻ വിട്ടില്ല.അമ്പതു തുലാം ഇരുമ്പു എലി തിന്നുപോയ നാട്ടിൽ ഇതും സംഭവ്യമാണെന്നു അയാൾ ഉറപ്പിച്ചു പറഞ്ഞു.രാജാവിനും മന്ത്രിമാർക്കും കാര്യം പിടികിട്ടി.അമ്പതു തുലാം ഇരുമ്പു ഉടൻ കണ്ടെടുത്തു കൊണ്ടുവരാൻ രാജാവ് കല്പിച്ചു. ശിക്ഷയായി രാജാവ് കല്പിച്ച ധനവും അയാൾ പിഴയൊടുക്കി.ആ സമയം കച്ചവടക്കാരൻ സുഹൃത്തിന്റെ മകനെകൊണ്ടുവന്ന് കൊടുക്കുകയും ചെയ്തു.

# മാറാല - കവിത

ഹരണി എസ്;9 C

നോവല്ല സ്നേഹത്തിൽ
കുളിരാണമ്മേ നിൻ ഹൃദയം
എരിയുന്ന വിളക്കിൻ തീനാളം പോൽ
നിൻ മനമുരുകുന്നതാരും കാണാത്തതെന്തേ?

ജീവിതത്തിൻ കാണാനൊമ്പരങ്ങൾ
ചിരിയായി മാറ്റി
മുത്തുപോൽ തിളങ്ങുന്ന
നിൻമുഖം

അടുക്കളച്ചുവരിൽ
തറയ്ക്കപ്പെട്ടു നിൻ ശരീരം
പൊള്ളുന്നു നീറുന്നു
കരിയുന്നു

ഇതാണോ നീ കണ്ട സ്വപ്നങ്ങൾ
ചിറകൊടിഞ്ഞ പക്ഷിയെപ്പോൽ

നീ എന്നമടുക്കളച്ചുവരിലെ
മാറാലമാത്രം
ഈ മാറാലമാത്രം.

## ചിതറിയ വഴികളിൽ - കവിത

അജ്മി 9.A

ചുടുകാറ്റ് വീശുമീ സായാന്തനത്തിൽ- ലേഖനം
കുളിർമാരിയൊന്ന് പെയ്തുവെങ്കിൽ
അഗ്നിതൻ ജ്വാലയായ് കത്തുമെൻ ഹൃത്തിനെ
ആ മാരി നന്നേ നനച്ചുവെങ്കിൽ
ഒരു തളിരായ് നീ വീണ്ടും കിളിർത്തുവെങ്കിൽ
വേർപിരിയുമ്പോൾ അറിയില്ല നിൻ കണ്ണിൽ
ചിരിയോ,തിളങ്ങുന്ന കണ്ണുനീരോ...
ദിക്കറിയാതെ വന്നൊരു ദേശാടനക്കിളിപ്പോലെ
ദിശതെറ്റി നീ പറന്നകലവേ
വിട ചോദിച്ചില്ല,കൊണ്ടുപോയില്ല,നീ
എനിക്കായ് തന്നൊരായിരം സ്വപ്നങ്ങൾ

ഏതോ ഒരു കവി ഉച്ചത്തിൽ ചോദിച്ചു.

ഓർമ്മകൾ മരിക്കുമോ?ഓർമ്മകൾ മരിക്കുമോ?

ഇല്ലെന്ന് മാത്രമാണിന്നെന്റെ ഉത്തരം

എന്നാൽ ഞാൻ ഒരു കവിയല്ല

വെറുമൊരു മനുഷ്യനെന്നറിയുക

മരിച്ചില്ല മരിക്കില്ല എന്നിൽ നിന്നോർമ്മകൾ

ഈ ഹൃദയതാളം നിലയ്ക്കുംവരെ



# എന്റെ വിദ്യാലയം - കവിത

റീന ജോയി, 10.E

അറിവിന്റെ ദീപം പകരുമീയങ്കണം

മലർവാടിയാകു

ന്ന ദിവ്യാംബരം

അതിലൊട്ടു

മിന്നുന്ന

താരജാലമീ

കുസൃതിക്കുരുന്നു

കൾ,കുഞ്ഞിളം

മുത്തുകൾ

അജ്ഞതമാകു

ന്ന




അന്ധകാരത്തിൽ

ജ്ഞാനത്തിൻ ദീപം തെളിയിക്കുമ്പോൾ

ഒരുപിടി അക്ഷരപ്പൂക്കളാൽ ഞങ്ങളീ

പാദം നമിച്ചോട്ടെ ഗുരുഭൂതരെ
സ്നേഹത്തിൻ ചിറകുകൾ വീശിപ്പറക്കുന്ന
കുഞ്ഞുപൂമ്പാറ്റകൾ ഞങ്ങളീ മുറ്റത്ത്
കനിവിന്റെ ഒരുപിടി പൂക്കളാൽ തീർക്കട്ടെ
ഹരിശ്രീ എന്നൊരു ആദ്യാക്ഷരം
സത്യത്തിൻ പാദത്തിൽ നിത്യം നടക്കുവാൻ
ഉത്തമ വഴികാട്ടിയാം ഗുരുനാഥൻ
നിത്യമരുളുന്ന സദ്ഗുണപാഠങ്ങൾ

എന്നും ഓർമ്മയിൽ കരുതീടട്ടെ.

**പദസൂചിക**


വൈറസുകൾ....56
അജ്ഞത....88
അനുഭൂതി....46
അപരജീവി....55
അംബരചുംബി....24
അഭിനിവേഷം....24, 45
ആംഗലേയം....75
ആത്മാർത്ഥത....76
ആബാലവൃദ്ധം....24
എയ്ഡ്സ്....35
ഓർമ്മ....88
കല്പന....59
കളകളരാഗങ്ങൾ....20
കുസൃതി....88
കുളിർമാരി....52
ക്രൂരത....21
ക്ഷുഭിത....58
ഗുരുനാഥൻ....88
ഗോളാകൃതി....65
ഗ്രന്ഥങ്ങൾ....32
ചിരഞ്ജീവി....34
ജാഗ്രത....30
ജൈവകൃഷി....25
ജ്വാല....52, 85
ടെലിവിഷൻ....46
തന്മാത്രകൾ....65
തിരിച്ചടി....68
തീനാളം....74
തീവ്രവാദി....29
തുലാം....83
തുലാഭാരം....81

ദിവ്യാംബരം.......87
ദിശ.......85
ദീപം.......87
ദുഃഖം.......75
ദൃശ്യഭംഗി.......21
ദേശാടനക്കിളി.......52, 85
ധിക്കാരി.......68
ധൈര്യം.......83
നയനമനോഹര.......23
നാളങ്ങൾ.......78
നിനവുകൾ.......72
നിശീഥിനി.......38
പക.......39
പവിഴക്കല്ലുകൾ.......61
പഴംതീനി.......27
പാലാഴി.......77
പിൻവിളി.......42
പൂമ്പാറ്റ.......88
പെരുമാറ്റം.......68
പ്രജകൾ.......57
ബാധ്യത.......40
മണ്ടശ്ശിരോമണി.......57
മലർവാടി.......87
മാർഗ്ഗദർശി.......32
മാവേലി.......75
മാറാല.......74, 84
മൃഗീയപീഡനം.......29
വഴികാട്ടി.......88
വിഡ്ഢിപ്പെട്ടി.......45
വിസ്മയം.......45
വ്യവസായി.......68
ശകലങ്ങൾ.......38
ശൂന്യത.......75

സദ്യ......54
സവാരി......45
സൂക്ഷമജീവി......56
സൂക്ഷ്മജീവി......55
സൂത്രക്കാരൻ......48
സൂത്രങ്ങൾ......61
സൗന്ദര്യറാണി......48
സ്നേഹഹർഷം......78
ഹരിശ്രീ......88
ഹൃദയതാളം......86

*Thank you.....*